# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3047 13.07.2015-ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. ഉബൈദുള്ള | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (എ) വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും മതസൗഹാർദ്ദം നിലനിർത്തുന്നതിനുമായി 2005-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 23-ൽ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനോ പുതുക്കിപ്പണിയുന്നതിനോ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൻ പ്രകാരമാണ് ഇപ്പോൾ ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകി വരുന്നത്. |
| (ബി) ഇവയുടെ അംഗീകാരം നൽകുന്നതിനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ; ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ; | (ബി) പ്രദേശത്തെ ക്രമസമാധാന നിലയും മതസൗഹാർദ്ദം നിലനിർത്തുന്നതിനുള്ള കാര്യങ്ങളും വിലയിരുത്തിയ ശേഷം ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നത് അതത് ജില്ലാ കളക്ടർമാരാണ്. ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് കർശന നിയന്ത്രണങ്ങളൊന്നും തന്നെ കൊണ്ടുവന്നിട്ടില്ല. |
| (സി) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുവാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും മതസൗഹാർദ്ദം നിലനിർത്തുന്നതിനുമായി 2005-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ മേൽ വ്യവസ്ഥയിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ